**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6744** **21-03-2023 - ൽ മറുപടിയ്ക്ക്**

**പ്ലസ് വണ്ണിന് സീറ്റ് വർദ്ധിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2023 മാർച്ചിൽ നടന്നുകൊണ്ടിരിക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിയ്ക്കുന്നതിനായി 2023 ഏപ്രിൽ മാസത്തിൽ തന്നെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുന്നതിന് വേണ്ടി 03/04/2023 മുതൽ 26/04/2023 വരെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനത്ത് ആകെ 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിച്ചിട്ടുണ്ട്. ഈ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറേയും ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറേയും ഇതിനോടകം നിയമിച്ചു കഴിഞ്ഞു. ക്യാമ്പുകൾ തുടങ്ങുന്നതിന് മുന്നോടിയായുള്ള ക്യാമ്പ് ഓഫീസർമാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ ക്യാമ്പിലേയ്ക്കും ആവശ്യമായ അഡീഷണൽ ചീഫ് എക്സാമിനർ, അസിസ്റ്റന്റ് എക്സാമിനർ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. ക്യാമ്പ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് വിതരണം പൂർത്തിയാക്കിവരുന്നു. 2023 ഏപ്രിൽ 3- ന് ആരംഭിയ്ക്കുന്ന മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് സമാന്തരമായി പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി ടാബുലേഷൻ നടപടികൾ കൂടി പൂർത്തീകരിച്ച് മേയ് 10-ന് ഫലം പ്രഖ്യാപിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>ഹയർസെക്കന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയത്തിനായി 80 മൂല്യനിർണ്ണയ ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആയതിലേക്ക് അധ്യാപകരെ |

| | | | |
|---|---|---|---|
| | | | **നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 03/04/2023 ന് മൂല്യനിർണ്ണയം ആരംഭിക്കുന്നതാണ്. 2023 മെയ് മാസത്തിൽ ഫലപ്രഖ്യാപനം നടത്താൻ നിലവിൽ നിശ്ചയിച്ചിട്ടുണ്ട്.** |
| (ബി) | ഈ വർഷം എസ്.എസ്.എൽ.സി. പാസാകുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വണ്ണിന് അഡ്മിഷൻ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 2023-24 അദ്ധ്യയനവർഷത്തെ പ്രവേശനത്തെ സംബന്ധിച്ചുള്ള നടപടിക്രമം ആരംഭിക്കുന്നതേയുള്ളൂ. |
| (സി) | ഇതുമായി ബന്ധപ്പെട്ട് മലബാർ മേഖലയിൽ പ്ലസ് വണ്ണിന് സീറ്റ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ സ്കൂളുകളിലെ പ്ലസ് വൺ അഡ്മിഷൻ സംബന്ധിച്ച വിഷയം പഠനം നടത്താൻ സ.ഉ.(സാധാ) നം.8329/2022/പൊ.വി.വ തീയതി തിരുവനന്തപുരം 22-12-2023 ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കൂടി പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്ലസ് വണ്ണിന്റെ സ്കൂൾ മാറ്റം, വിഷയ മാറ്റം എന്നീ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻ മുന്നൊരുക്കം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | 2023-24 അദ്ധ്യയനവർഷത്തെ പ്രവേശന പ്രോസ്പെക്ടസിൽ ഷെഡ്യൂൾ ഉൾപ്പെടെ പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ